# Malayala Manorama
# 25 August 2018
# Thiruvananthapuram; Nava Kerelam, After Flood



ESTABLISHED 1888

1194 ചിങ്ങം 9, 1439 ദുൽഹജ് 13
തിരുവോണം 08/48, ചതുർദശി 22/27

## വരൂ, നവകേരളം നമുക്കൊരുക്കാം

### ഒരുമയുടെ ഈ തിരുവോണം പറയുന്നതും ഇതുതന്നെ

ഒരുമകൊണ്ടു നാടിനു പെരുമ നൽകിയ വലിയൊരു രക്ഷാദൗത്യത്താൽ കേരളം മഹാപ്രളയത്തെ ജയിച്ചുകഴിഞ്ഞു. ഇതിനിടെ, എല്ലാ വേർതിരിവുകളും ഇല്ലാതാക്കി ഐക്യവും ലക്ഷ്യബോധവും കൊണ്ടു പുനർജനിച്ചതു പുതിയൊരു കേരളംതന്നെയാണ്. മനുഷ്യരെല്ലാവരും ഒരുപോലെ സ്നേഹത്തിന്റെ സംഗീതം കേട്ടിരുന്ന മാവേലിനാടിന്റെയും മുഖമുദ്ര ഇതുതന്നെയായിരുന്നില്ലേ? പക്ഷേ, ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയം നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളെയും തകർത്തിട്ടാണു തിരിച്ചുപോവുന്നത്. അതുകൊണ്ടുതന്നെ, നവകേരളത്തിന്റെ നിർമിതിയാണു നമുക്കു മുന്നിലുള്ള ഏറ്റവും സുന്ദരമായ സ്വപ്നം; ഏറ്റവും കടുത്ത വെല്ലുവിളിയും.

എങ്ങനെ വേണമെങ്കിലും കെട്ടിപ്പടുക്കാവുന്നവിധം പ്രളയം കുഴച്ചുമറിച്ചിട്ട മണ്ണിൽനിന്നു നാം ആഗ്രഹിക്കുന്നത് പുതിയൊരു കേരളത്തിന്റെ നിർമിതിതന്നെയാണ്; കാലം ആവശ്യപ്പെടുന്നവിധം മാറ്റങ്ങളെല്ലാം ഉൾക്കൊണ്ടുള്ള കേരളത്തിന്റെ പിറവി. പ്രളയം അതിനൊരു നിമിത്തമാവുകയാണെന്നു വേണമെങ്കിൽ പറയാം. പ്രതികൂല സാഹചര്യങ്ങളിൽ തളരാതെ, അതിനെ ക്രിയാത്മകമായി ഉപയോഗിക്കുകയാണു വേണ്ടതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ 'മലയാള മനോരമ'യോടു പറഞ്ഞതിന്റെ ഉള്ളർഥവും അതുതന്നെ.

പ്രളയബാധിതമായ നമ്മുടെ നാടിനുവേണ്ടതു പുനരധിവാസം മാത്രമല്ല, പുതിയ കേരളംതന്നെയാണെന്ന ബോധ്യം അദ്ദേഹം പങ്കുവയ്ക്കുന്നു; ഇതാണ് അതിന്റെ കൃത്യമായ സമയമെന്ന് ഓർമപ്പെടുത്തുകയും ചെയ്യുന്നു. പ്രളയബാധിതരുടെ പുനരധിവാസം സംബന്ധിച്ച സമഗ്രപദ്ധതികളും സഹായദൗത്യങ്ങളും സർക്കാർ തുടങ്ങുകയാണ്. ദുരന്തപ്രതിരോധത്തിനും നിവാരണത്തിനുമായി കൂടുതൽ ഫലപ്രദമായ പദ്ധതികളും ആസൂത്രണം ചെയ്യുന്നു.

നവകേരള നിർമിതി എന്ന വാക്കിന് ഒരു നാടിന്റെയാകെ പ്രതീക്ഷകൾക്കു ചിറകുനൽകുന്ന ലക്ഷ്യസൗന്ദര്യമുണ്ടെന്നു തീർച്ച. എങ്കിൽ എങ്ങനെയാവണം അത്? ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസനമാണു മുഖ്യമന്ത്രി ഉദ്ദേശിക്കുന്നത്. അതായത്, ആലപ്പുഴയ്ക്കു വേണ്ട വികസനപദ്ധതിയല്ല ഇടുക്കിക്കാവശ്യം. അത് ഇടുക്കിയുടെ ഭൂമിശാസ്ത്രപരമടക്കമുള്ള സവിശേഷതകൾ കണ്ടറിഞ്ഞുള്ള വികസനമാവണം. കൊച്ചിക്കാവട്ടെ, രാജ്യാന്തര നിലവാരത്തിലുള്ള വികസനപദ്ധതിയാണു വേണ്ടത്. നമ്മുടെ എത്രയോ റോഡുകളും പാലങ്ങളും തകർന്നുകഴിഞ്ഞു. വെറുതെ പുതിയ റോഡും പാലവും നിർമിച്ചാൽ പോരാ, പ്രളയത്തെ നേരിടാനാവുന്ന ആധുനികനിർമിതികളാണു നവകേരളത്തിനു വേണ്ടതെന്നും മുഖ്യമന്ത്രി പറയുന്നുണ്ട്.

പുതിയകാലത്തെ അഭിമുഖീകരിക്കാനാവുംവിധമുള്ള കേരളത്തിന്റെ ബഹുമുഖ വികസനം തീർച്ചയായും ഉൾക്കാമ്പുള്ള ആശയസ്വരൂപണത്തിന്റെ ആദ്യഘട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. വേണ്ടത്ര സാമ്പത്തികബലം കൈവരിച്ചുകൊണ്ട്, നിർവഹണം ഫലപ്രദമാകണമെങ്കിൽ നമ്മുടെ ഗൃഹപാഠം കൃത്യവും സമഗ്രവുമാകണം. വിവിധ രംഗങ്ങളിൽ ദേശീയ, രാജ്യാന്തര തലത്തിൽ ശ്രദ്ധനേടിയ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ഒരു സമിതിയുടെ നേതൃത്വത്തിലാവും നമ്മുടെ പ്രളയാനന്തര വികസനപദ്ധതികളെന്നു മുഖ്യമന്ത്രി വ്യക്തമാക്കുന്നുണ്ട്.

അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ മാത്രമേ ജനജീവിതത്തിനു നിലവാരം കൈവരികയുള്ളൂ എന്ന തിരിച്ചറിവാകണം നവകേരള നിർമിതി എന്ന വലിയ ലക്ഷ്യത്തെ നയിക്കേണ്ടത്. നവകേരള നിർമിതിക്കൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യംകൂടി മുഖ്യമന്ത്രി 'മലയാള മനോരമ'യോടു പങ്കുവയ്ക്കുന്നുണ്ട്. പ്രളയത്തിന്റെ പാഠങ്ങളിൽ അതുകൂടിയുണ്ടല്ലോ. നദീതീരത്തുള്ള നിർമാണങ്ങൾക്കെതിരെ കർശനനിയന്ത്രണം അടക്കമുള്ള പരിസ്ഥിതി